**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **23-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം മറികടക്കുവാൻ സംസ്ഥാനം കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുനഃരുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടു വച്ചിരുന്നു. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാനപ്പെട്ട ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു. സമ്പദ് വ്യവസ്ഥയെ പുന:രുജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈകൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണക്കുന്നതിനായി ഒരു പ്രതേക ഉത്തേജന പാക്കേജ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിക്കുക കോവിഡ് -19 കാരണം മടങ്ങി വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ് ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുക. കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിലുണ്ടായ നഷ്ടം നികത്തൽ. പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പുസാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിലേക്കും അടുത്ത രണ്ട് വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക. കേന്ദ്രവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം വർദ്ധിപ്പിക്കുക. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല |
| (ബി) | ജി.എസ്.ടി. യിലൂടെ സംസ്ഥാനങ്ങളുടെ നികുതി നിർണയാധികാരം കേന്ദ്രസർക്കാർ കവർന്നെടുത്ത സാഹചര്യത്തിൽ 14 ശതമാനം വർദ്ധന കണക്കാക്കി നികുതി നഷ്ടം നികത്തുന്നത് തുടരണമെന്ന് ആവശ്യപ്പെട്ടത് അംഗീകരിച്ചിട്ടുണ്ടോ; | (ബി) | കോവിഡ് മഹാമാരി സംസ്ഥാനത്തിന്റെ ജി.എസ്.ടി മുഖേനയുള്ള റവന്യൂ വരുമാനത്തെ ഗുരുതരമായി ബാധിച്ചതും കേന്ദ്രം ജി.എസ്.ടി നഷ്ടപരിഹാരം അനുവദിക്കുന്നതിലെ കാലതാമസം കാരണം സംസ്ഥാനങ്ങൾക്ക് പലിശ ചെലവുള്ള ഹ്രസ്വകാല വായ്പകൾ എടുക്കേണ്ടിവന്നതു മൂലമുള്ള പ്രതിസന്ധി മറികടക്കാനും ജി.എസ്.ടി നഷ്ടപരിഹാരം 5 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കാൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre -Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യം കേന്ദ്ര സർക്കാർ ബജറ്റിൽ പരിഗണിച്ചിട്ടില്ല. |
| (സി) | ഭക്ഷ്യ സബ്സിഡിയും തൊഴിലുറപ്പ് പദ്ധതിക്കായി നീക്കിവച്ച തുകയും വെട്ടിക്കുറച്ചതും മാന്ദ്യ അതിജീവന പാക്കേജ് ഇല്ലാത്തതും സംസ്ഥാനത്തെ ജനങ്ങളുടെ അതിജീവനം കൂടുതൽ ദുഷ്കരമാക്കാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡി മുൻ സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്കായ 5,41,330 കോടി രൂപയിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം 2,86,469 കോടി രൂപയായി കുറയുമെന്ന് കണക്കാക്കപ്പെടുന്നു. 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഭക്ഷ്യ സബ്സിഡിയ്ക്കായി വകയിരുത്തിയിട്ടുള്ള 2,06,831.09 കോടി രൂപ 2021-22 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് തുകയേക്കാൾ 27.80 % കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 98,000 കോടി രൂപയാണ് മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്കായി നീക്കിവച്ചതെങ്കിലും 2022-23 ൽ ഇത് 73000 കോടി രൂപയായി വെട്ടികുറച്ചിട്ടുണ്ട്. ഇത് കാരണം പദ്ധതി വഴി സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടാവുന്ന ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്. മഹാമാരിയുടെ സാഹചര്യത്തിൽ പ്രവാസികളുടെ തിരിച്ചു വരവും അസംഘടിത മേഖലയുടെ തകർച്ചയും |

| | | | |
|---|---|---|---|
| | | | ഭീമമായ തൊഴിൽ നഷ്ടവും നേരിടുന്ന സാഹചര്യത്തിൽ ഭക്ഷ്യ സബ്സിഡിയും മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതി തുകയും വെട്ടികുറച്ചത് സംസ്ഥാനത്തെ ജനജീവിതത്തെയും തൊഴിലില്ലായ്മയെയും കൂടുതൽ ഗുരുതരമാക്കാൻ സാധ്യതയുണ്ട്. |
| (ഡി) | സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടാത്ത നികുതി വീണ്ടും വർദ്ധിപ്പിക്കുന്നതും കേന്ദ്രസർക്കാർ ധനകമ്മി ജി.ഡി.പി. യുടെ 6.4 ശതമാനമായി നിലനിർത്തിയിരിക്കുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി ജി.എസ്.ഡി.പി. യുടെ 4 ശതമാനത്തിൽ താഴെയായി നിലനിർത്തണമെന്ന നിർദ്ദേശവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എത്തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് അറിയിക്കാമോ? | (ഡി) | കോവിഡ് മൂലമുണ്ടായ വരുമാന നഷ്ടവും കേന്ദ്ര നൽകുന്ന വിഹിതത്തിലെ കുറവും മൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനങ്ങൾക്ക് വിഭജനം ചെയുന്ന നികുതി വിഹിതത്തിൽപ്പെടുന്ന പ്രത്യക്ഷ നികുതിക്ക് ഇളവ് നൽക്കുകയും അതിൽപെടാത്ത സെസിലൂടെയും സർച്ചാർജിലൂടെയും ഗണ്യമായി വരുമാനം വർധിപ്പിക്കുകയും വിഭജനം ചെയ്യപ്പെടാത്ത അധികമായി ചുമത്തുന്ന എക്സൈസ് ഡ്യൂട്ടി പോലുള്ള നികുതി വർധിപ്പിക്കുകയും ചെയുന്നതും കേന്ദ്ര സർക്കാരിന്റെ രീതിയാണ്. ഇത് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നുണ്ട് ആയതിനാൽ സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാർ കൊണ്ടു വന്ന നയത്തിൽ വന്ന മാറ്റമാണ് സംസ്ഥാന സർക്കാരിനെ സാമ്പത്തിക ബുദ്ധിമുട്ടിലേക്ക് തള്ളിവിടുന്നത്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി 6 ശതമാനത്തിനുമേൽ നിലനിർത്തുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി 3 ശതമാനമായി നിയന്ത്രിക്കുന്നു. മാത്രമല്ല, കർക്കശമായ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സംസ്ഥാനങ്ങൾക്ക് വായ്പാപരിധി ഉയർത്തി നൽകുന്നത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സാമ്പത്തിക-സാമൂഹ്യ-ആരോഗ്യ ക്ഷേമ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള പാക്കേജുകളും സഹായങ്ങളും കാരണം സംസ്ഥാനത്തിന്റെ ചെലവഴിക്കൽ പലമടങ്ങായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ധനവിനിയോഗം കേന്ദ്ര സർക്കാരിനെക്കാൾ കൂടതലായതിനാൽ കേന്ദ്ര സർക്കാരിന്റെ നയമാറ്റത്തിലൂടെയുള്ള ഇത്തരം സമീപനം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ